നം. D6-5035/18

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 19.6.2018.
e-mail id swdkerala@gmail.com

# സർക്കുലർ

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - **വിദ്യാകിരണം** - സ്കോളർഷിപ്പ് - പദ്ധതി നടപ്പിലാക്കുന്നത് -സംബന്ധിച്ച്:

സൂചന:- 17.5.18ന് നടന്ന രണ്ടാമത് വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

സാമ്പത്തിക പരാധീനത മൂലം ദുരിതമനുഭവിക്കുന്ന ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ (രണ്ടുപേരും / ആരെങ്കിലും ഒരാൾ) മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനായി 2017-18 സാമ്പത്തികവർഷം മുതൽ **വിദ്യാകിരണം** എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നടപ്പ് വർഷവും ടി പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. കുട്ടികളെ ചുവടെ പറയുന്ന പ്രകാരം 4 വിഭാഗങ്ങളായി തിരിച്ച് ഓരോ ജില്ലയിലും ഓരോ വിഭാഗത്തിൽ നിന്നും 50 കുട്ടികൾക്ക് 10 മാസത്തേയ്ക്ക് ടി പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നതാണ്.

| **ക്രമ നം.** | **ക്ലാസ്സ്** | **സ്കോളർഷിപ്പ് നിരക്ക്** |
|---|---|---|
| 1 | 1 മുതൽ 5 വരെ | 300/- |
| 2 | 6 മുതൽ 10 വരെ | 500/- |
| 3 | +1, +2, IT തത്തുല്യമായ മറ്റ് കോഴ്സുകൾ | 750/- |
| 4 | ഡിഗ്രി, പിജി, പോളിടെക്നിക്ക് തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ | 1000/- |

വരുമാനം തെളിയിക്കുന്നതിന് BPL റേഷൻ കാർഡിന്റെ പകർപ്പ്/ BPL ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്ന ബന്ധപ്പെട്ട അധികാരിയിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് / വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് (പരിധി 1 ലക്ഷം), വൈകല്യം തെളിയിക്കുന്നതിന് മെഡിക്കൽ ബോർഡ് നൽകിയ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അപേക്ഷകന്റെ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം കുട്ടികൾ പഠിക്കുന്ന സ്ഥാപനമേധാവി മുഖാന്തിരം അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി

ആനുകൂല്യത്തിന് അർഹരായവരുടെ മേൽവിലാസം അടങ്ങുന്ന ലിസ്റ്റ് സഹിതം BIMSൽ ക്രോഡീകരിച്ച് ആവശ്യമായ ഫണ്ടിനായി 2018 നവംബർ 15ന് മുമ്പ് സാമൂഹ്യനീതി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. സർക്കാരിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് അപേക്ഷകരുടെ എണ്ണം പരിമിതപ്പെടുത്തേണ്ടതും, വൈകല്യതോത് കൂടുതലുള്ളവർക്ക് മുൻഗണന നൽകേണ്ടതുമാണ്. വകുപ്പിൽ നിന്നും അതത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് BAMS വഴി ഫണ്ട് ട്രാൻസ്ഫർ ചെയ്ത് തരുന്നതാണ്. ജില്ലാ ഓഫീസർ സ്കോളർഷിപ്പ് തുക അതത് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

**സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി**

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

DB/2018/D6-5035

SOCIAL JUSTICE
DEPARTMENT
care, protection & empowerment

**കേരള സർക്കാർ**

**സാമൂഹ്യനീതി വകുപ്പ്**

# വിദ്യാകിരണം

**ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി**

## അപേക്ഷാ ഫോറം

## ഭാഗം-1

**അപേക്ഷകനെ (രക്ഷിതാവിനെ) സംബന്ധിച്ച വിവരങ്ങൾ**

| | | |
|---|---|---|
| 1. | അപേക്ഷകന്റെ / അപേക്ഷകയുടെ പേര് | |
| 2. | പൂർണ്ണമായ മേൽവിലാസം | |
| എ) | അപേക്ഷകൻ സ്ഥിര താമസമാക്കിയിട്ടുള്ള ജില്ല | |
| 3. | ഫോൺ നമ്പർ | |
| 4. | അപേക്ഷകന്റെ തൊഴിൽ | |
| 5. | അപേക്ഷകൻ BPL വിഭാഗത്തിൽപ്പെട്ട ആൾ ആണോ ? | |
| 6. | കുടുംബത്തിന്റെ വാർഷികവരുമാനം | |
| 7. | അപേക്ഷകന് വിദ്യാർത്ഥിയുമായുള്ള ബന്ധം | മകൻ / മകൾ |
| 8. | ആധാർ നമ്പർ | |
| 9. | അപേക്ഷകന്റെ വൈകല്യത്തിന്റെ സ്വഭാവം ശതമാനം | |
| 10. | ബാങ്ക് അക്കൗണ്ട് നമ്പർ (പകർപ്പ് ഹാജരാക്കണം) | |
| | ശാഖയുടെ പേര് | |
| | ഐ.എഫ്.എസ്.സി കോഡ് | |

## ഭാഗം - 2

**വിദ്യാർത്ഥിയെ സംബന്ധിച്ച വിവരങ്ങൾ**

| | | |
|---|---|---|
| 11. | വിദ്യാർത്ഥിയുടെ പേര് | |
| 12. | ജനന തീയതി, വയസ്സ് | |
| 13. | പഠിക്കുന്ന സ്ഥാപനത്തിന്റെ പേര്, വിലാസം, ജില്ല | |
| 14. | ഇപ്പോൾ പഠിക്കുന്ന കോഴ്സ് | |
| എ | കോഴ്സിന്റെ കാലയളവ് | |
| ബി | കോഴ്സിൽ നടപ്പ് വർഷം പഠിക്കുന്ന സ്റ്റാന്റേർഡ് | |
| സി | കഴിഞ്ഞ വർഷം പഠിച്ചിരുന്ന കോഴ്സ് / സ്റ്റാന്റേർഡ് | |
| 15. | മറ്റേതെങ്കിലും പദ്ധതി പ്രകാരം സ്കോളർഷിപ്പ് ലഭിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദ വിവരം ലഭിക്കുന്ന തുകയും | |

ഈ അപേക്ഷയിൽ നൽകിയിട്ടുള്ള സത്യപ്രസ്താവനകൾ എന്റെ പൂർണ്ണമായ അറിവും വിശ്വാസവുമനുസരിച്ച് സത്യമാണെന്നും സ്കോളർഷിപ്പിന് തെരഞ്ഞെടുക്കുന്ന കാര്യത്തിൽ പ്രസക്തിയുള്ള യാതൊരു വസ്തുതയും മറച്ചുവെക്കുകയോ വെളിപ്പെടുത്താതിരിക്കുകയോ ചെയ്തിട്ടില്ലെന്നും ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

**വിദ്യാർത്ഥിയുടെ പേരും ഒപ്പും**

സ്ഥലം:

തീയതി:

**രക്ഷിതാവിന്റെ പേരും ഒപ്പും**

സ്ഥലം :

തീയതി:

## ഭാഗം - 3

**സ്ഥാപന തലവൻ പൂരിപ്പിക്കേണ്ടത്**

| | | |
|---|---|---|
| 16. | സ്കോളർഷിപ്പിന് ശുപാർശ ചെയ്യുന്ന വിദ്യാർത്ഥിയുടെ പേര് | |
| 17. | സ്കോളർഷിപ്പിന് ശുപാർശ ചെയ്യുന്നതും ഇപ്പോൾ പഠിക്കുന്നതുമായ സ്റ്റാൻഡേർഡ് / കോഴ്സ് | |
| 18. | ഇപ്പോൾ പഠിക്കുന്ന സ്ഥാപനത്തിൽ ചേർന്ന തീയതി | |
| 19. | ഇപ്പോഴത്തെ സ്റ്റാൻഡേർഡിലെ പഠനം അവസാനിക്കുന്ന ഏകദേശ തീയതി | |
| 20. | വിദ്യാർത്ഥി മറ്റെവിടെ നിന്നെങ്കിലും ധനസഹായം കൈപ്പററുന്നുണ്ടോ ? ഉണ്ടെങ്കിൽ എവിടെ നിന്ന് ? എത്ര തുക ? | |

## സ്ഥാപന തലവന്റെ സാക്ഷ്യപത്രം

ഭാഗം ഒന്നിലും രണ്ടിലും നൽകിയിട്ടുള്ള വിവരങ്ങൾ പരിശോധിച്ചിട്ടുണ്ടെന്നും അത് ശരിയാണെന്നും വിദ്യാർത്ഥി പഠിക്കുന്ന . . . . . . . . . . . . . . . . . . . . . . . . . . . . എന്ന സ്ഥാപനം സർക്കാർ / എയ്ഡഡ് ആണെന്നും ഈ സ്ഥാപനം . . . . . . . . . . . . . . . . . . . . . . . . സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതാണെന്നും അഥവാ സർക്കാർ അംഗീകരിച്ചിട്ടുള്ളതാണെന്നും ഈ പഠനം / പരിശീലന കോഴ്സ് പ്രസ്തുത സർവ്വകലാശാലയുടെ / സർക്കാരിന്റെ അംഗീകാരമുള്ളതാണെന്നും ആവശ്യമായ രേഖകളെല്ലാം അപേക്ഷയൊടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥാപന തലവന്റെ ഒപ്പ്:
പേര്
ഉദ്യാഗപ്പേര്
വിലാസം
ഫോൺ നമ്പർ

സ്ഥലം :
തീയതി :

## ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ തീരുമാനം

. . . . . . . . . . . . . . . . . . . . . . . . ന്റെ (അപേക്ഷകന്റെ പേര്) മകൻ / മകൾ ശ്രീ / ശ്രീമതി. . . . . . . .
. . . . . . . . . . . . . . . . . . . . . ന് . . . . . . . . . . . . . . . . . . ക്ലാസ്സിലേക്ക് / കോഴ്സിന് . . . . . . . . . .
. . . . . . . . . . സാമ്പത്തിക വർഷം പ്രതിമാസം . . . . . . . . . രൂപ നിരക്കിൽ . . . . . . . . മാസത്തേക്ക് . . .
. . . . . . രൂപ സ്കോളർഷിപ്പ് അനുവദിച്ച് ഉത്തരവാകുന്നു. പ്രസ്തുത തുക അപേക്ഷകന്റെ . . . . . . . . . . .
. .ബാങ്കിലെ . . . . . . . . . . . . . . . . . . . നമ്പർ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യേണ്ടതാണ്.

തീയതി:

**ജില്ലാ സാമൂഹ്യനീതി ഓഫീസർ**

**വിദ്യാകിരണം പദ്ധതി**

.. . . . . . . . . . . . . . . . . . . . . . . . . **(സ്കൂളിന്റെ പേര് / കോളേജിന്റെ പേര്)**

## മാർഗ്ഗ നിർദ്ദേശങ്ങൾ

1. ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് (ഏതെങ്കിലും ഒരാൾ / രണ്ടുപേർ) ഈ പദ്ധതി പ്രകാരം സ്കോളർഷിപ്പ് ലഭിക്കും.
2. മാതാവിന്റെയോ, പിതാവിന്റെയോ വൈകല്യത്തിന്റെ തോത് 40 ശതമാനമോ അതിനു മുകളിലോ ആയിരിക്കണം.
3. നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം വരുമാനം തെളിയിക്കുന്നതിന് ബി.പി.എൽ റേഷൻ കാർഡിന്റെ പകർപ്പ് / BPL ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്ന ബന്ധപ്പെട്ട അധികാരിയിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് / വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് (വരുമാനപരിധി 1 ലക്ഷം) / വൈകല്യം തെളിയിക്കുന്നതിന് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്, അംഗപരിമിത തിരിച്ചറിയൽ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അപേക്ഷകന്റെ പേരിലുള്ള IFS കോഡ് രേഖപ്പെടുത്തിയ ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കണം.
4. സ്കോളർഷിപ്പ് തുക താഴെ പറയും പ്രകാരമാണ്.

| | ക്ലാസ് | പ്രതിമാസ നിരക്ക് |
|---|---|---|
| 1. | 1 മുതൽ 5 വരെ | 300 രൂപ |
| 2. | 6 മുതൽ 10 വരെ | 500 രൂപ |
| 3. | +1, +2 ഐ.ടി.ഐ തുല്യത കോഴ്സുകൾ | 750 രൂപ |
| 4. | ബിരുദ, ബിരുദാനന്തര ബിരുദം, പോളി ടെക്നിക്, തത്തുല്യമായ മറ്റു കോഴ്സുകൾ പ്രൊഫഷണൽ കോഴ്സുകൾ | 1000 രൂപ |

5. എല്ലാ ക്ലാസിലേയ്ക്കും പരമാവധി 10 മാസത്തേയ്ക്കാണ് സ്കോളർഷിപ്പ് അനുവദിക്കുക.
6. ഒരു ക്ലാസിലേക്ക് ഒരു തവണ മാത്രമേ സ്കോളർഷിപ്പ് അനുവദിക്കുകയുള്ളു.
7. മറ്റു പദ്ധതികൾ പ്രകാരം വിദ്യാഭ്യാസ ധനസഹായം ലഭിക്കുന്നവർക്ക് ഈ പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കില്ല.
8. വൈകല്യതോത് കൂടുതൽ ഉള്ളവർക്ക് മുൻഗണന നൽകുന്നതാണ്.
9. പൂരിപ്പിച്ച അപേക്ഷകൾ : എല്ലാ വർഷവും ക്ലാസ്സ് ആരംഭിച്ച് 2 മാസത്തിനകം സ്ഥാപനമേധാവി മുഖേന രക്ഷിതാവ് സ്ഥിര താമസമാക്കിയിട്ടുള്ള ജില്ലയിലെ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം. DSJO സ്കോളർഷിപ്പ് തുക അർഹതപ്പെട്ട അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതാണ്.
10. സ്കോളർഷിപ്പ് പുതുക്കുന്നതിന് എല്ലാ വർഷവും പുതിയ അപേക്ഷ സമർപ്പിക്കേണ്ടതാണ്.
11. സർക്കാർ / എയ്ഡഡ് സ്ഥാപനങ്ങളിലെ സർക്കാർ അംഗീകൃത കോഴ്സുകളിൽ പഠിക്കുന്നവർക്ക് മാത്രമേ ഈ പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുകയുള്ളു. പാരലൽ കോളേജിലും പാർട്ട്ടൈം കോഴ്സുകൾക്കും പഠിക്കുന്ന കുട്ടികൾ അപേക്ഷിക്കേണ്ടതില്ല.
12. പൂർണ്ണമായി പൂരിപ്പിക്കാത്തതും അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഹാജരാക്കാത്തതും കാലാവധിയ്ക്കു ശേഷം സമർപ്പിക്കുന്നതുമായ അപേക്ഷകൾ സ്കോളർഷിപ്പിനായി പരിഗണിക്കുന്നതല്ല.